പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2647 **28-10-2026-ൽ മറുപടിയ്ക്ക്**

<u>ന്യൂജീവി ആക്രമണങ്ങളിലെ നഷ്ടപരിഹാരം</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>മറുപടി നൽകിയ മന്ത്രി</u>

ശ്രീ. ഷിബു ബേബി ജോൺ
(വനം, വന്യജീവി - നൈപുണ്യ വികസന
വകുപ്പ് മന്ത്രി)

(എ) വന്യജീവി ആക്രമണങ്ങളിൽ കൃഷിനാശം, സ്വത്തുനാശം, ജീവഹാനി എന്നിവ സംഭവിക്കുന്നവർക്ക് നഷ്ടപരിഹാരം നൽകുന്നതിനുള്ള നിലവിലെ നടപടിക്രമങ്ങൾ വിശദമാക്കാമോ;

<u>മറുപടി:</u> സംസ്ഥാനത്ത് വന്യജീവി ആക്രമണത്തിൽ ജീവൻ നഷ്ടപ്പെടുന്നവരുടെ ആശ്രിതർക്കും പരിക്കേൽക്കുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത് "1980 ലെ Kerala Rules for Payment of Compensation to Victims of Attack by Wild Animals" പ്രകാരമാകുന്നു. ടി ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം കാലോചിതമായി നഷ്ടപരിഹാര നിരക്കുകൾ പരിഷ്കരിച്ച് സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾ പ്രകാരമാണ് കൃഷി നാശത്തിനും മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ മരണമടയുന്നവരുടെ ആശ്രിതർക്കും പരിക്കു പറ്റുന്നവർക്കും നഷ്ടപരിഹാരം നൽകിവരുന്നത്.

മനുഷ്യ-വന്യജീവി സംഘർഷങ്ങളിൽ സംഭവിക്കുന്ന മരണം, പരിക്ക്, കന്നുകാലി നഷ്ടം, വിളനാശം, സ്വത്ത് നഷ്ടം തുടങ്ങിയവയ്ക്ക് നഷ്ടപരിഹാരം ലഭിക്കുന്നതിനായി അപേക്ഷകൻ ആവശ്യമായ രേഖകൾ സഹിതം e-district Portal മുഖേന അപേക്ഷ അതാത് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ / വൈൽഡ് ലൈഫ് വാർഡന് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും രേഖകളും പരിശോധിച്ച് അർഹമായ നഷ്ടപരിഹാരം അപേക്ഷകന് അനുവദിക്കുന്നു. മനുഷ്യ-വന്യജീവി സംഘർഷം മൂലമുള്ള നഷ്ടപരിഹാരം വനം വകുപ്പിന്റെ തനത് ഫണ്ടിൽ നിന്നും SDRF, CMDRF എന്നീ ഫണ്ടുകളിൽ നിന്നുമാണ് നൽകിവരുന്നത്.

(ബി) 2021 മുതൽ നാളിതുവരെ വടക്കാഞ്ചേരി മണ്ഡലത്തിൽ നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകൾ, അനുവദിച്ച തുക, വിതരണം ചെയ്ത തുക, തീർപ്പാക്കാതെ അവശേഷിക്കുന്ന അപേക്ഷകൾ എന്നിവയുടെ വിവരങ്ങൾ വർഷം തിരിച്ച് ലഭ്യമാക്കുമോ?

<u>മറുപടി:</u> അനുബന്ധം - 1 ആയി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

വർഷം	നഷ്ടപരിഹാരത്തിനായി ലഭിച്ച അപേക്ഷകൾ	അനുവദിച്ച തുക	വിതരണം ചെയ്ത തുക	തീർപ്പാക്കാതെ അവശേഷിക്കുന്ന അപേക്ഷകൾ	റിമാർക്സ്
2021–22	67	439103	439103	8	തീർപ്പാകാതെ അവശേഷിക്കുന്ന 108 അപേക്ഷകളിൽ ആവശ്യമായ രേഖകൾ സമർപ്പിക്കുന്നതിന് അപേക്ഷകരോട് ആവശ്യപ്പെട്ടിട്ടുള്ളതാണ്. ആയവ സമർപ്പിക്കുന്നപക്ഷം പരിശോധന നടത്തി കാലതാമസം കൂടാതെ നഷ്ടപരിഹാരത്തുക ഉടൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.
2022–23	40	305628	305628	4	
2023–24	34	160875	160875	17	
2024–25	54	456839	456839	27	
2025–26	58	901320	901320	38	
2026–27	26	151016	151016	14	
ആകെ	**279**	**2414781**	**2414781**	**108**	